# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.55/PR/PIC/PHQ/17 Date : 18.03.2017

## സ്ത്രീ സുരക്ഷാ പാഠങ്ങളുമായി ചെന്നൈയിലെ കേരള പോലീസ് പവലിയൻ ശ്രദ്ധേയമാകുന്നു

കരാട്ടെയും ജൂഡോയും മറ്റും പഠിക്കാനായില്ലെങ്കിലും വനിതകൾക്ക് സാമൂഹ്യവിരുദ്ധരുടെ ആക്രമണങ്ങളെ ചെറുക്കാനാവും. എളുപ്പം കണ്ടു പഠിക്കാനാവുന്ന സുരക്ഷാ പാഠങ്ങൾ കേരള പോലീസിലെ വനിതകൾ അഭ്യാസങ്ങളിലൂടെ കാട്ടിത്തരും. ചെന്നൈ വെപേരി വൈ.എം.സി.എ. ഹാളിൽ നടക്കുന്ന കേരള സാംസ്കാരിക-വ്യാപാര മേളയിലെ പോലീസ് പവലിയനിലാണ് കേരള പോലീസ് ടീം ഒരുക്കുന്ന പ്രദർശനം.

പോലീസ് പവലിയനിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന വിവിധതരം അതിക്രമങ്ങളുടെ പട്ടിക നിരത്തിയിട്ടുണ്ട്. ഇവയിൽ സന്ദർശകർ ആവശ്യപ്പെടുന്നവ ഉടൻ തന്നെ അവതരിപ്പിച്ച് രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ കാട്ടിത്തരുന്നു. സന്ദർശകരെ അതിക്രമങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള പരിശീലനവും പവലിയനിലെ വനിത പോലീസുകാർ നൽകും. ഒരു സാധാരണ വീട്ടമ്മയ്ക്കുൾപ്പെടെ സാമൂഹികാതിക്രമങ്ങളിൽ നിന്നും എങ്ങനെ സ്വയം രക്ഷനേടാം എന്ന് കേരള പോലീസിലെ വനിതാ ഉദ്യോഗസ്ഥർ കാണിക്കുന്ന ഈ സ്റ്റാളിനുചുറ്റും സന്ദർശകരുടെ തിരക്കാണ്.

“സങ്കീർണ്ണമായ ആയോധന വിദ്യകളിൽ നിന്ന് വ്യത്യസ്തമായി ലളിതമായ വിദ്യകളാണിവ. ശരീരത്തിന്റെ സ്വാഭാവിക ചലനങ്ങൾക്കനുസരിച്ചാണ് ഇവ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓരോതരം അതിക്രമത്തിലും എതിരാളിയുടെ ദുർബ്ബലഭാഗങ്ങളിൽ പ്രഹരിച്ച് എങ്ങനെ രക്ഷപ്പെടാമെന്നാണ് പഠിപ്പിക്കുന്നത്. പല അതിക്രമങ്ങളും ഉണ്ടാകുന്നത് സ്ത്രീകൾ ആത്മവിശ്വാസത്തോടെ പ്രതികരിക്കാത്തതുകൊണ്ടാണെന്നാണ് പഠനങ്ങൾ പറയുന്നത്. എങ്ങനെ പ്രതികരിക്കണം, അതിക്രമങ്ങളുണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ എടുക്കണം തുടങ്ങിയ കാര്യങ്ങളും ഇവിടെ വിശദീകരിക്കുന്നു” പവലിയൻ ചുമതലയുള്ള പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ പി എസ് രാജശേഖരൻ പറഞ്ഞു.

ആസിഡ് ആക്രമണം, ലൈംഗികമായ അതിക്രമങ്ങൾ, ബാഗ് തട്ടിപ്പറിക്കൽ, മാല പറിക്കൽ, ബസ്സിനുള്ളിലെ അതിക്രമങ്ങൾ, കത്തികൊണ്ടുള്ള ആക്രമണം തുടങ്ങിയ പത്തു സന്ദർഭങ്ങളിൽ സ്ത്രീ സ്വയം രക്ഷ നേടാൻ ചെയ്യേണ്ട ലളിതമായ അഭ്യാസമുറകൾ ഇവിടെ പ്രദർശിപ്പിക്കുന്നു.

സ്ത്രീ സുരക്ഷയ്ക്കും സൈബർ സുരക്ഷയ്ക്കുമുള്ള പാഠപുസ്തകങ്ങളും സ്റ്റാളിൽ നിന്നും ലഭിക്കും. സമൂഹത്തിന്റെ വിവിധ മേഖലകളിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും അവരുടെ സുരക്ഷയ്ക്കായി പോലീസ് നടപ്പാക്കുന്ന പദ്ധതികളും ഇവിടെ നിന്നറിയാം. ഇതോടൊപ്പം പ്രധാന പോലീസ് വിവരങ്ങൾ, അറിയിപ്പുകൾ, സുരക്ഷാ നിർദ്ദേശങ്ങൾ, ഫോൺ നമ്പരുകൾ, തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനുകളും അവയുടെ ഫോൺ നമ്പരുകളും അറിയാനും ഉദ്യോഗസ്ഥരോട് സംസാരിക്കാനുമുള്ള സംവിധാനങ്ങൾ, ട്രാഫിക് ഫൈൻ അടക്കുന്നതിനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ ‘*രക്ഷ*’ മൊബൈൽ ആപ്പും ഇവിടെ നിന്നും ഡൗൺലോഡ് ചെയ്യാം. വിവിധതരം സ്പൈ ക്യാമറകളും, അവ തിരിച്ചറിയുന്ന മാർഗ്ഗങ്ങളുമാണ് പവലിയനിലെ മറ്റൊരാകർഷണം.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ മാർഗ്ഗനിർദ്ദേശപ്രകാരം തയ്യാറാക്കിയ പവലിയനിൽ ഡെപ്യൂട്ടി ഡയറക്ടർ പി.എസ്.രാജശേഖരൻ, ഡെപ്യൂട്ടി കമാൻഡന്റ് നജീബ് മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർമാരായ ടി.സി.ജയൻ, നിഷൂർ.എസ്.എസ്, സി.പി.ഒമാരായ ഷിഫിൻ സി രാജ്, രോഹിത് എൽ.എൻ, വനിതാ സീനിയർ സി പി ഒ ജയമേരി.എ, വനിത സി പി ഒ-മാരായ അമ്പിളി.കെ.കെ, അനീസ് ബാൻ, സുൽഫത്ത് ബീവി.എൻ, സൈദ എന്നീ ഉദ്യോഗസ്ഥരാണ് വിവിധ സംരംഭങ്ങൾ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നത്.

********